


## ജി.എൽ.പി.എസ്
## തളങ്കര പടിഞ്ഞാർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

## ആമുഖം

കാസർകോട് സബ് ജില്ലയിൽ കാസർഗോഡ് മുൻസിപ്പാലിറ്റിയിലെ ചന്ദ്രഗിരി പുഴയോരത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ജിഎൽപിഎസ് തളങ്കര പടിഞ്ഞാർ. വിദ്യാലയം സ്ഥാപിതമായത് 1929 ൽ ആണ്. 2017 വരെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയം 2018 ൽ മുനിസിപ്പാലിറ്റി നിർമ്മിച്ചു നൽകിയ പുതിയ കെട്ടിടത്തിലേക്ക് മാറുകയായിരുന്നു. ഒരു ദശാബ്ദം മുമ്പ് വരെ അൺ ഇക്കണോമിക് വിദ്യാലയം എന്ന അവസ്ഥയിലായിരുന്ന സ്കൂൾ 2018 മുതലാണ് പാഠ്യ പാഠ്യേതര രംഗത്തെ വേറിട്ട പ്രവർത്തനങ്ങൾ വഴി മികവിന്റെ പാതയിലൂടെ കുതിക്കാൻ തുടങ്ങിയത്. ഈ വർഷം തന്നെ മികച്ച പിടിഎ സബ് ജില്ല തല അവാർഡ് നേടുകയും ചെയ്തു.ഈ വർഷം മുതൽ കുട്ടികളുടെ പ്രവേശന നിരക്ക് വർദ്ധിച്ചു വരികയും ഒരു ഘട്ടത്തിൽ 200 വരെ ആവുകയും ചെയ്തു. ഇപ്പോൾ ഒന്നുമുതൽ നാലുവരെ ക്ലാസുകളിലായി ഇംഗ്ലീഷ് മലയാളം ഡിവിഷനുകളിലായി കുട്ടികൾ പഠിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കുട്ടികൾ ശാസ്ത്രമേളയിലും കലോത്സവത്തിലും മികച്ച പ്രകടനം കാഴ്ച വച്ചിട്ടുണ്ട് കഴിഞ്ഞവർഷം അറബിക് കലോത്സവം ചാമ്പ്യൻഷിപ്പും നേടി. പി.ടി.എ, എസ്.എം.സി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഹെഡ്മാസ്റ്റർ അടക്കം 7 അധ്യാപകരാണ് വിദ്യാലയത്തിൽ ഉള്ളത്.

വിദ്യാലയത്തിൽ നൂതന വിദ്യാഭ്യാസ ബോധനരീതികൾക്കനുസൃതമായി ശിശു സൗഹൃദാന്തരീക്ഷം ഒരുക്കിയിട്ടുണ്ട്. ബഹുവർണ്ണ ചിത്രങ്ങളാലംകൃതമായ ഒന്നാം തരം പഠനോപകരണങ്ങളാൽ സജ്ജവുമാണ്. എല്ലാ ക്ളാസുകളും ഐ.സി.ടി പഠനത്തിന് സജ്ജമാണ്. വിദ്യാലയത്തിൽ

ദൃശ്യഗണിത പഠനത്തിന് സഹായകമായ ഗണിത ലാബും സജ്ജമാണ്. സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നു. കുട്ടികളുടെ ബഹുമുഖതലത്തിലുള്ള വികസനത്തിന് സഹായിക്കുന്ന മികച്ച പുസ്തകശേഖരം വിദ്യാലയത്തിലുണ്ട്.

# വിഷയം : മലയാളം

## ലക്ഷ്യങ്ങൾ

★ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വർക്കും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

★ കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കു ന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.

★ കുട്ടികളിലെ സർഗ്ഗ കഴിവുകൾ വികസിപ്പി ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ് അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, വാക്കുകളുടെ നിർമ്മാണം, ചിത്രം നോക്കി കഥ പറയൽ, കുറിപ്പ് തയ്യാറാക്കൽ പ്രത്യേക ക്ലാസ്സുകൾ പോസ്റ്റ് ടെസ്റ്റ് | ജൂൺ ആദ്യ വാരം<br>ജൂൺ ജൂലൈ | ക്ലാസ്സ് അധ്യാപകർ, പി ടി എ | 1000/ |
| 2 | കുട്ടികളെ നല്ല വായനക്കാരാക്കുക | ക്ലാസ് ലൈബ്രറി ഒരുക്കുന്ന വായനകൂട്ടം വായനാനുഭവം പങ്കുവെക്കൽ. വായനകുറിപ്പ് തയ്യാറാൽ. പുസ്തക ചർച്ച ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. ബാലസഭ അവതരണം | ജൂൺ മാർച്ച് | ഭാഷാധ്യാപകർ, വിദ്യാരംഗം ക്ലബ്, രക്ഷിതാക്കൾ | 10000/ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | കുട്ടികളുടെ സർഗ്ഗ കഴിവുകൾ വികസിപ്പിക്കുക | സർഗ്ഗ സല്ലാപം, പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ അവരുടെ വായനാനുഭവം കുട്ടികളുമായി പങ്കുവെക്കൽ. കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | നവംമ്പർ | എച്ച് എം പി ടി എ | 5000/ |
| 4 | ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക. | പ്രാദേശിക ക്ലബുകളുടെയും ഗ്രന്ഥശാലകളുടെയും സഹകരണത്തോടെയും ഭവന സന്ദർശനത്തിലുടെയും ലൈബ്രറി പുസ്തകങ്ങൾ തരംതിരിച്ച് ക്രമീകരിക്കൽ, ജന്മദിനത്തിൽ ഒരു പുസ്തകം | ജൂൺ മാർച്ച് | ക്ലാസ്സ് അധ്യാപകർ, പി ടി എ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ഭാഷയിലെ പഠന മുന്നേറ്റത്തിന് വിവിധ സങ്കേതങ്ങൾ പരിചയപ്പെടുത്തൽ | റീഡേഴ്സ് തീയേറ്റർ ശില്പശാല - ഏകദിനം. സാഹിത്യകാരന്മാരുമായി അഭിമുഖം. ബാലസാഹിത്യകൃതികൾ പരിചയപ്പെടുത്തൽ. ഭാഷോത്സവം | സപ്തംമ്പർ മാർച്ച് | ക്ലാസ് ടീച്ചർ | 5000/ |
| 6 | രചനാശേഷി പരിപോഷിപ്പിക്കൽ | ക്ലാസ് പത്രം തയ്യാറാക്കൽ വിശേഷപതിപ്പ് തയ്യാറാക്കൽ രചനോത്സവം സംഘടിപ്പിക്കൽ | ഓരോ മാസവും ഓരോന്ന് | ക്ലാസ്സ് അധ്യാപകർ, എച്ച് എം, പി ടി എ | 5000/ |
| 7 | ശാരീരിക ചാലക വികാസം പ്രോത്സാഹിപ്പിക്കുന്നതിന്. | അരങ്ങത്തേക്ക്. കഥ, കവിത, സംഭാഷണങ്ങൾ എന്നിവ അഭിനയിച്ച് അവതരിപ്പിക്കുക | നവംമ്പർ | ക്ലാസ് ടീച്ചർ, വിദ്യാരംഗം ക്ലബ് | 5000/ |

# വിഷയം : ഭാഷാപഠനം - ഇംഗ്ലീഷ്
## മേഖല : അക്കാദമികം

ലക്ഷ്യം:

- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
- പാഠ്യപദ്ധതി ലക്ഷ്യമിടുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനശേഷിയും എല്ലാ കുട്ടികളും നേടുന്നതിന്
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും മനസ്സിലാക്കുന്നതിനുമുള്ള കഴിവ് എല്ലാ കുട്ടി കളിലും വികസിപ്പിക്കുക.
- മികച്ച വായനാശീലം, ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുന്നതിന്
- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം നൽകുക.

| നമ്പർ | ഇംഗ്ലീഷ് ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള ശേഷി കൈവരിക്കുന്നതിന് | ഇംഗ്ലീഷ് ഡേ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആയി തെരഞ്ഞെടുത്ത് ആ ദിവസം ഇംഗ്ലീഷ് കൂടുതൽ ഉപയോഗിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടിച്ചർ | |
| 2 | ഇംഗ്ലീഷിൽ അനയാസമായി എഴുതാനുള്ള ശേഷി നേടൽ | വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറി ആക്കി എഴുതുക | ആഴ്ചയിൽ രണ്ട് ദിവസം (വർഷം മുഴുവൻ) | ക്ലാസ്സ് അധ്യാപിക | |

| നമ്പർ | ഇംഗ്ലീഷ് ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | ഇംഗ്ലീഷ് വ്യാകരണം എളുപ്പമാക്കാൻ | അവധി ദിവസങ്ങളിൽ വ്യാകരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക | വർഷം 10 ക്ലാസ്സ് | പി ടി എ OSA | 1000 |
| 4 | അനായാസം ഇംഗ്ലീഷ് സംസാരിക്കാൻ | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ | 1 വർഷം | അധ്യാപകർ OSA PTA | |

## വിഷയം : ഗണിതം

**ലക്ഷ്യം**

- ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കാൻ.
- ഗണിതപഠനത്തിന്റെ ആവശ്യകത, ഗണിത പഠനത്തിൽ അഭിരുചി വളർത്തൽ .
- കുട്ടികളിൽ സംഖ്യാബോധം വളർത്തിയെടുക്കൽ.
- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടുന്നതിന്
- പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിന് .

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ കൃത്യമായ സംഖ്യാ ബോധം ഉണ്ടാക്കാൻ | <u>സംഖ്യാകേളി</u> സ്ഥാനവില കിറ്റ്, സംഖ്യാ കാർഡുകൾ, അബാക്കസ് ഇവ ഉപയോഗി ച്ചുള്ള പ്രവർ ത്തനങ്ങൾ (വലിയ സംഖ്യ, ചെറിയ സംഖ്യ) | 2 മാസം ആഴ്ച്ച യിൽ 4 മണിക്കൂർ | P.T.A S.M.C | 1000/- |
| 2. | ജ്യാമിതീയ രൂപ ങ്ങളുടെ പ്രത്യേക തകൾ തിരിച്ചറി യുക | <u>ഷേപ്പ് ഡാൻസ്</u> ചതുരം, ത്രികോണം, സമചതുരം തുടങ്ങിയവ വലിയ കാർഡിൽ വെട്ടിയെടുത്ത് ഗ്രൂപ്പു കളായി പ്രദർശനം, പ്രത്യേകതകൾ പാട്ടു രൂപത്തിലാക്കി പാടി നൃത്തരൂപത്തി ൽ അവതരണം | 1 ആഴ്ച്ച 4 മണിക്കൂർ | S.R.G P.T.A | 500/- |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | നീളം, ഭാരം ഉള്ളളവ് ഇവയെ കുറിച്ചുള്ള പ്രായോഗിക ധാരണ, അളവുകളിൽ സൂക്ഷ്മത, കൃത്യത, ഇവ പാലിക്കൽ | ഏകദിന മെട്രിക് മേള കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി അവർ തന്നെ അളവു പ്രവർത്തനങ്ങൾ ചെയ്യുന്ന പ്രവർത്തനം. വ്യത്യസ്ത കോർണറുകളിൽ ഗ്രൂപ്പുകളായി പ്രവർത്തനങ്ങൾ ചെയ്യുന്നു. | 1 ദിവസം | P.T.A S.M.C | 2000/- |
| 4. | ഗണിത ശാസ്ത്ര മേളയിലേക്കുള്ള നൈപുണി വികസനം | ഏകദിന ഗണിത ക്യാമ്പ്, പസിലുകൾ, ചിത്രങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ ഇവ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു ദിവസത്തെ ക്യാമ്പ് | 1 ദിവസം | S.S.K P.T.A | 2000/- |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | കുട്ടികളിൽ പ്രശ്നാപഗ്രഥന ശേഷി വളർത്തിയെടുക്കുക | പാഠഭാഗങ്ങളിലെഗണിത ആശയങ്ങൾ ദൃശ്യ ഗണിത സങ്കേതങ്ങൾ കൊണ്ട് അവതരിപ്പിക്കൽ | 3 മാസം ആഴ്ച്ചയിൽ 4 മണിക്കൂർ | S.S.K P.T.A | 5000/- |
| 6. | ഗണിത വിഭവങ്ങളുള്ള മാസിക നിർമ്മാണം | കുട്ടികൾക്ക് ഗണിത പുസ്തകങ്ങൾ മറ്റു റിസോഴ്സുകൾ ഇവ നൽകി അവർ അതിൽ നിന്നും ഗണിത മാസികയിലേക്കുള്ള വിഭവങ്ങൾ ഒരുക്കുന്നു | 1 ആഴ്ച്ച | പി.ടി.എ | 500/- |

# പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രീയാഭിരുചി വളർത്തുക | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ കണ്ടൽക്കാടുകൾ തേടി ഒരു യാത്ര | ജൂൺ | ശാസ്ത്ര ക്ലബ്, ഇക്കോ ക്ലബ് | |
| 2 | ലഘുപരീക്ഷണവും നിരീക്ഷണവും നടത്തി അപഗ്രഥനത്തിലൂടെ നിഗമനത്തിലെത്തിച്ചേരൽ | സ്കൂളിൽ ഒരു ശാസ്ത്ര ലാബ് ഒരുക്കൽ ശാസ്ത്ര ക്യാമ്പ് സംഘടിപ്പിക്കൽ | 1 വർഷം<br>1 ദിവസം | പി ടി എ | 1000/ |
| 3 | പ്രപഞ്ചത്തെ അടുത്തറിയാൻ | വാന നിരീക്ഷണം നക്ഷത്ര ബംഗ്ലാവിലേക്ക് ഒരു യാത്ര | | | |
| 4 | പരിസ്ഥിതിയുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം വളർത്തൽ | പത്രവാർത്ത ക്വിസ്, ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ രചന | | ശാസ്ത്ര ക്ലബ് | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ശുചിത്വ ശീലം വളർത്തുക | ശുചിത്വ ക്ലാസ്സ് സംഘടിപ്പിക്കുക. സ്കൂളും പരിസരവും വൃത്തിയാക്കുന്ന പ്രവർത്തനം ബോധവൽക്കരണ ക്ലാസ്സുകൾ | 1 വർഷം | ഹെഡ്മാസ്റ്റർ അധ്യപകർ, PTA, | |
| 6 | മരങ്ങൾ നട്ടുപിടിപ്പിക്കേതിന്റെ ആവശ്യകതയെക്കുറിച്ച് മനസിലാക്കൽ, പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | കാവുകളിലേക്ക് യാത്ര സംഘടിപ്പിക്കൽ. വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉ ാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | PTA, SRG | 5000/ |